സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 278 2026 ഫെബ്രുവരി 18 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

7 വയസ്സുകാരിയെ അയൽവാസി ബലാത്സംഗം ചെയ്ത് കൊന്നു, മൃതദേഹം വീപ്പയ്ക്കുള്ളിൽ

അമരാവതി: ആന്ധ്രാപ്രദേശിൽ ഏഴുവയസ്സുകാരിയെ അയൽവാസിയായ യുവാവ് ബലാത്സംഗം ചെയ്ത് കൊന്നു. അന്നമയ്യ ജില്ലയിലെ മദനപ്പള്ളെ നഗരത്തിലാണ് സംഭവം. മുപ്പത് വയസ്സുകാരനായ കുലവർധൻ എന്നയാളാണ് പ്രതി. ഇയാൾ പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചതിന് ശേഷം വെള്ളം നിറച്ചുവെച്ചിരുന്ന വീപ്പയിൽ മുക്കി കൊലപ്പെടുത്തിയെന്നാണ് വിവരം.തിങ്കളാഴ്ചയാണ് രണ്ടാം ക്ലാസുകാരിയായ പെൺകുട്ടിയെ കാണാതാകുന്നത്. തിരഞ്ഞിട്ടും കുട്ടിയെ കണ്ടെത്താനാവാതെ വന്നതോടെ കുടുംബം പോലീസിൽ പരാതി നൽകുകയായിരുന്നു. പിന്നാലെ സിസിടിവി ദൃശ്യങ്ങളടക്കം പരിശോധിച്ച പോലീസ് നഗരം മുഴുവൻ തിരച്ചിൽ നടത്തി. തിരച്ചിലിനൊടുക്കം പ്രതിയുടെ വീട്ടിലെ വീപ്പയ്ക്കുള്ളിൽ നിന്നാണ് പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്.

തന്ത്രിയും പുറത്തേക്ക്; രണ്ടുകേസുകളിലും ജാമ്യം അനുവദിച്ച് കൊല്ലം വിജിലൻസ് കോടതി

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരർക്ക് ജാമ്യം. കൊല്ലം വിജിലൻസ് കോടതിയുടേതാണ് ഉത്തരവ്. കട്ടിളപ്പാളി കേസിലും ദ്വാരപാലകശിൽപ കേസിലും സമർപ്പിച്ച ജാമ്യാപേക്ഷയിലാണ് വിധി. തന്ത്രിക്ക് ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിൽ ബന്ധമുണ്ടെന്ന് പ്രത്യേക അന്വേഷണ സംഘം വാദിച്ചിരുന്നു. എന്നാൽ തന്ത്രിയെന്ന നിലയ്ക്ക് അദ്ദേഹം ദേവന്റെ അനുജ്ഞ മാത്രമാണ് നൽകിയിട്ടുള്ളതെന്നും ദേവസ്വം ബോർഡിലെ മറ്റ് ആരോപണവിധേയർക്കെതിരെ ചുമത്തിയ കുറ്റമൊന്നും കണ്ഠരര് രാജീവരർക്കെതിരെയില്ലെന്നുമാണ് പ്രതിഭാഗം വാദിച്ചത്. ഇതടക്കം പരിഗണിച്ചാണ് ജാമ്യം അനുവദിച്ചത്.

അറസ്റ്റിലായി 41 ദിവസങ്ങൾക്കുശേഷമാണ് തന്ത്രിക്ക് ജാമ്യം അനുവദിക്കുന്നത്. ശബരിമല സ്വർണക്കൊള്ള കേസിൽ ജാമ്യം ലഭിക്കുന്ന ആറാമത്തെ പ്രതിയാണ് കണ്ഠരര് രാജീവരര്. ജാമ്യഹർജിയിലെ വാദത്തിനിടെ തന്ത്രിയുടെയും ഭാര്യയുടെയും സ്വത്ത് സമ്പാദനം സംബന്ധിച്ച നിർണായക തെളിവുകൾ അന്വേഷണ സംഘം ഹാജരാക്കിയിരുന്നു. ഇരുവരുടെയും പേരിൽ കണക്കിൽപ്പെടാത്ത വൻ നിക്ഷേപം ഉണ്ടെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. . പ്രതിയുടെ സാമ്പത്തിക സ്രോതസ് ദുരൂഹമാണെന്നും വിശദമായ അന്വേഷണം വേണമെന്നുമാണ് പ്രോസിക്യൂഷന്റെ ആവശ്യം. എന്നാൽ ആചാരപരമായ കാര്യങ്ങളിൽ മാത്രം ഇടപെട്ടയാളാണ് താനെന്നും സ്വർണക്കൊള്ളയിൽ പങ്കില്ലെന്നുമാണ് തന്ത്രിയുടെ വാദം

ഭിന്നശേഷി സംവരണം; കോടതി ഉത്തരവ് മുഴുവൻ മാനേജ്മെന്റുകൾക്കും ബാധകമാക്കും

തിരു : എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിർണായക നീക്കത്തിനൊരുങ്ങി സംസ്ഥാന സർക്കാർ. എൻഎസ്എസിന് അനുകൂലമായ കോടതി ഉത്തരവ് മുഴുവൻ എയ്ഡഡ് മാനേജ്മെന്റിനും ബാധകമാക്കും. ഇതുസംബന്ധിച്ച അനുകൂല നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഉടൻ ഉത്തരവിറക്കുമെന്നാണ് റിപ്പോർട്ട്. അന്തിമ തീരുമാനം സുപ്രീം കോടതി വിധി പ്രകാരമെന്ന ഉപാധിവച്ചായിരിക്കും ഉത്തരവ് ഇറക്കുക.

ഭിന്നശേഷി സംവരണ വിഷയത്തിൽ സർക്കാർ സ്വീകരിച്ച കർശന നിലപാടിനെതിരെ ക്രിസ്ത്യൻ മാനേജ്മെന്റുകൾ ഉൾപ്പടെയുള്ളവർ ശക്തമായ സമരവുമായി രംഗത്തെത്തിയിരുന്നു.

മലമ്പുഴയിൽ മത്സരിക്കുമോ? നിലപാട് വ്യക്തമാക്കി വി എസിന്റെ മകൻ അരുൺ കുമാർ

ന്യൂഡൽഹി: മലമ്പുഴയിലെ സ്ഥാനാർത്ഥിത്വത്തിൽ നിലപാട് വ്യക്തമാക്കി മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദന്റെ മകൻ വി എ അരുൺ കുമാർ. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനെക്കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ലെന്നാണ് അരുൺ മാദ്ധ്യമങ്ങളോട് പറഞ്ഞത്. തങ്ങൾ എന്നും പാർട്ടി കുടുംബമാണെന്നും ഇതുവരെ സ്ഥാനാർത്ഥിത്വത്തെക്കുറിച്ച് പാർട്ടി ചർച്ച ചെയ്തിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. പാർട്ടിയുടെ തീരുമാനം അനുസരിക്കുമെന്നും അരുൺ കൂട്ടിച്ചേർത്തു.

'ഇതുവരെ തിരഞ്ഞെടുപ്പിനെക്കുറിച്ച് ഒന്നും ആലോചിച്ചിട്ടില്ല. ഞങ്ങൾ ഒരു പാർട്ടി കുടുംബമാണ്. സുരേഷ് ആണ് കോൺഗ്രസ് സ്ഥാനാർത്ഥിയെന്ന വാർത്ത ഞാൻ കേട്ടില്ല. അതൊക്കെ അദ്ദേഹത്തിന്റെ വ്യക്തിപരമായ തീരുമാനമാണ്. ഞാൻ ഇപ്പോൾ ജോലി ചെയ്യുകയാണ്. തിരഞ്ഞെടുപ്പിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. ഇതുവരെ അതിനെക്കുറിച്ച് എനിക്ക് ഒന്നും അറിയില്ല. പാർട്ടി പറയുന്നതാണ് ഞങ്ങൾക്ക് എന്നും പ്രാധാന്യം'- അരുൺ വ്യക്തമാക്കി.

വി എസ് അച്യുതാനന്ദന്റെ പി എയായിരുന്ന എ സുരേഷ് മലമ്പുഴയിൽ യുഡിഎഫ് സ്ഥാനാർത്ഥിയാകുമെന്ന് വാർത്തകൾ വന്നിരുന്നു. ഇതിന് പിന്നാലെയാണ് മലമ്പുഴയിൽ അരുണിനെ സ്ഥാനാർത്ഥിയാക്കുമെന്ന അഭ്യൂഹങ്ങൾ പ്രചരിച്ചത്. മലമ്പുഴയിൽ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാക്കളുമായി സുരേഷ് നേരിട്ട് ചർച്ച നടത്തിയിരുന്നുവെന്നാണ് വിവരം. കോൺഗ്രസ് സ്ഥാനാർത്ഥിയായല്ല യുഡിഎഫ് സ്വതന്ത്രനായാണ് മത്സരിക്കാൻ സുരേഷ് താൽപര്യം പ്രകടിപ്പിച്ചത്.

നിലവിൽ യുഡിഎഫിന് വേരോട്ടം കുറവുള്ള മണ്ഡലമാണ് മലമ്പുഴ. വി എസ് അച്യുതാനന്ദൻ വിജയിച്ച അവസാന തിരഞ്ഞെടുപ്പായ 2016ൽ കോൺഗ്രസിന് ഇവിടെ 35,333 വോട്ടുകളാണ് ലഭിച്ചത്. എ പ്രഭാകരൻ വിജയിച്ച കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 35,444 വോട്ടും. രണ്ട് തവണയും പാർട്ടി ബിജെപിക്ക് പിന്നിലായി മൂന്നാം സ്ഥാനത്താണ് എത്തിയത്.

'ഭീഷണിയില്ല, പക്ഷേ ജാഗ്രത വേണം; ഹിന്ദുക്കൾക്ക് മൂന്ന് കുഞ്ഞുങ്ങളെന്നത് പരിഗണിക്കണം'

ന്യൂഡൽഹി: കുറഞ്ഞത് മൂന്ന് കുട്ടികളെങ്കിലും വേണമെന്നത് ഹിന്ദു കുടുംബങ്ങൾ ചിന്തിക്കണമെന്ന് ആർഎസ്എസ് മേധാവി മോഹൻ ഭഗവത്. ഹിന്ദു ജനസംഖ്യ കുറയുന്നുവെന്ന് അദ്ദേഹം ആശങ്കയും പങ്കുവച്ചു. ലക്നൗവിലെ സരസ്വതി ശിശു മന്ദിരത്തിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഹിന്ദുക്കളെ ഒന്നിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്. നമുക്ക് ഭീഷണിയില്ലെങ്കിലും ജാഗ്രത വേണം. നുഴഞ്ഞുകയറ്റക്കാരെ കണ്ടെത്തുകയും ഇല്ലാതാക്കുകയും നാടുകടത്തുകയും വേണം. അവർക്ക് തൊഴിലും നൽകാൻ പാടില്ല. ശരാശരി ഫെർട്ടിലിറ്റി നിരക്ക് മൂന്നിൽ താഴെയായ സമൂഹങ്ങൾ ഭാവിയിൽ അപ്രത്യക്ഷമായേക്കാം. അതിനാൽ തന്നെ ഹിന്ദു കുടുംബങ്ങളിൽ കുറഞ്ഞത് മൂന്ന് കുട്ടികളുണ്ടാവേണ്ടത് പരിഗണിക്കണം. നവദമ്പതികൾ ഇതിനെക്കുറിച്ച് ബോധവാന്മാരാകണം. വിവാഹത്തിന്റെ ലക്ഷ്യം സ്വന്തം ആഗ്രഹങ്ങൾ നിറവേറ്റുക മാത്രമല്ല, സൃഷ്ടിയെ മുന്നോട്ട് കൊണ്ടുപോകുക എന്നതുകൂടിയാണ്.

ജാതി വിവേചനം സംഘർഷത്തിന് കാരണമാകരുത്. പിന്നാക്ക സമൂഹത്തെയും ഉൾക്കൊണ്ടുകൊണ്ട് അവരെ ഉയർത്തിക്കൊണ്ടുവരണം. ഭാവിയിൽ ഇന്ത്യ ലോകത്തെ നയിക്കും. പലവിധ ആഗോള പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ഇന്ത്യയുടെ നാഗരിക ധാർമ്മികതയിൽ ഉൾപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പിന്തുണ നൽകുന്നതോടൊപ്പം, സാമൂഹിക ഐക്യം പ്രോത്സാഹിപ്പിക്കാനും, തെറ്റിദ്ധാരണകൾ നീക്കം ചെയ്യാനും, സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കാനും പതിവായി സമൂഹതല യോഗങ്ങൾ സംഘടിപ്പിക്കണം.

യുഎസിലെയും ചൈനയിലെയും ചില ഘടകങ്ങൾ ഇന്ത്യക്കെതിരായി പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ജാഗ്രതയും പരസ്പര വിശ്വാസവും ഉണ്ടാകേണ്ടതുണ്ട്'- മോഹൻ ഭഗവത് വ്യക്തമാക്കി.

നേമത്ത് രാജീവ് ചന്ദ്രശേഖർ, വട്ടിയൂർക്കാവിൽ പ്രഥമപരിഗണന ആർ. ശ്രീലേഖക്ക്

തിരു : നിയമസഭാ തിരഞ്ഞെടുപ്പിൽ 35 മണ്ഡലങ്ങളിലേക്കുള്ള ബിജെപി സ്ഥാനാർഥി പട്ടിക തയ്യാർ. എ-ക്ലാസ് മണ്ഡലങ്ങളടക്കം ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. നേമത്ത് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മത്സരിക്കും. വട്ടിയൂർക്കാവിൽ പ്രഥമപരിഗണന ആർ. ശ്രീലേഖയ്ക്കാണ്. കഴക്കൂട്ടത്ത് വി. മുരളീധരനും മഞ്ചേശ്വരത്ത് കെ. സുരേന്ദ്രനും മത്സരിക്കും.

തിരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്നും പകരം തിരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം നൽകുമെന്നും പാർട്ടി ജനറൽ സെക്രട്ടറി എസ്. സുരേഷ് അറിയിച്ചു. കഴിവുള്ളവർക്കും വിജയസാധ്യതയുള്ളവർക്കും മത്സരിക്കാൻ അവസരം എന്ന് സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തെരഞ്ഞെടുപ്പ് കമ്മിറ്റി യോഗത്തിൽ അഭിപ്രായപ്പെട്ടു.

ഓരോ മണ്ഡലത്തിലും മൂന്ന് പേരുകൾ വീതമാണ് പരിഗണനയിൽ. എം.ടി. രമേശിന് തൃശൂർ അല്ലെങ്കിൽ കോഴിക്കോട് സീറ്റ് നൽകാനാണ് ധാരണ. ശോഭ സുരേന്ദ്രന് പാലക്കാട്, കായംകുളം, ഹരിപ്പാട് എന്നീ മണ്ഡലങ്ങളിൽ സാധ്യത. സി. കൃഷ്ണകുമാർ മലമ്പുഴയിൽ മത്സരിക്കും. നിലവിൽ മത്സരിപ്പിക്കേണ്ടവരുടെ സാധ്യത പട്ടികയിൽ മുൻ ഗവർണർ പി.എസ്. ശ്രീധരൻ പിള്ള ഇല്ല എന്നതും ശ്രദ്ധേയമാണ്.

ഓടയിൽ വീണ് യുവാവ് മരിച്ച സംഭവം; നഗരസഭയെ പഴിചാരി പിഡബ്ല്യുഡി റിപ്പോർട്ട്

ഇടുക്കി: തൊടുപുഴ മുതലക്കോടത്ത് സ്ളാബിടാത്ത ഓടയിലേയ്ക്ക് ബൈക്ക് മറിഞ്ഞ് യുവാവ് മരിച്ച സംഭവത്തിൽ നഗരസഭയെ പഴിചാരി പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ട്. വെള്ളക്കെട്ട് ഒഴിവാക്കാൻ സ്ലാബുകൾ നീക്കം ചെയ്തത് നഗരസഭയാണെന്നും തിരികെ സ്ഥാപിക്കണമെന്ന് പലതവണ ആവശ്യപ്പെട്ടിരുന്നുവെന്നും പിഡബ്ല്യുഡി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. അപകടം ആവർത്തിക്കാതിരിക്കാൻ സ്ലാബുകൾ പുനഃസ്ഥാപിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു.

മുതലക്കോടം പറക്കുന്നേൽ വീട്ടിൽ ബെന്നി - ബിന്ദു ദമ്പതികളുടെ മകൻ ജെയ്സ് ബെന്നിയാണ് (27) മരിച്ചത്. തിങ്കളാഴ്ച രാത്രി 10.40ഓടെയായിരുന്നു അപകടം. തൊടുപുഴയിൽ നിന്ന് മുതലക്കോടത്തേക്ക് വരികയായിരുന്ന ജെയ്സ്. റോഡരുകിലെ ഓടയിലേക്ക് ബൈക്ക് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അപകടാവസ്ഥയിലുള്ള കലുങ്ക് പുതുക്കിപ്പണിയണമെന്ന് കാലങ്ങളായി പരാതി നൽകിയിട്ടും പിഡബ്ല്യുഡി അധികൃതർ കണ്ടഭാവം നടിച്ചില്ലെന്നായിരുന്നു നാട്ടുകാരുടെ പരാതി. സമീപത്തെ കെട്ടിട ഉടമ സൗജന്യമായി സ്ലാബ് സ്ഥാപിക്കാമെന്ന് പൊതുമരാമത്ത് അധികൃതരെ അറിയിച്ചെങ്കിലും ഇതിന് സമ്മതിച്ചില്ലെന്നും ആരോപണവുമുണ്ട്. എന്നാൽ നഗരസഭയെ പഴിചാരിക്കൊണ്ടാണ് പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ട് വന്നിരിക്കുന്നത്.

ജെസിബി ഉപയോഗിച്ച് മാറ്റിയതിനാൽ ആ സ്ലാബുകൾ തിരികെ സ്ഥാപിക്കാൻ കഴിയാത്ത സ്ഥിതിയായെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്. ചെറുതും വലുതുമായി നിരവധി അപകടങ്ങളാണ് ഇവിടെ നേരത്തെയുണ്ടായിട്ടുള്ളത്. വളവിനോട് ചേർന്നുള്ള ഈ ഭാഗത്ത് അപകട കെണിയുണ്ടെന്ന മുന്നറിയിപ്പ് ബോർഡോ, വെളിച്ചമോ ഇല്ല.

സംസ്ഥാനതല ബഡ്സ് കലോത്സവം രണ്ടാം സ്ഥാനം തൃശൂർ ജില്ലക്ക്

തൃശ്ശൂർ:ആത്മവിശ്വാസം കൊണ്ട് ആകാശത്തോളം വളർന്ന പ്രതിഭകൾ മാറ്റുരച്ച 'തില്ലാന 2026' സംസ്ഥാനതല ബഡ്സ് കലോത്സവത്തിൽ ആതിഥേയരായ തൃശ്ശൂർ ജില്ലയ്ക്ക് അഭിമാനകരമായ രണ്ടാം സ്ഥാനം. വെള്ളാനിക്കര കാർഷിക സർവകലാശാലാ പരിസരത്തെ 4വേദികളിലായി നടന്ന ആവേശപ്പോരാട്ടത്തിൽ, 14 ജില്ലകളിൽ നിന്നുള്ള കലാകാരന്മാരോട് ഇഞ്ചോടിഞ്ച് പൊരുതിയാണ് തൃശ്ശൂർ ജില്ല ഫസ്റ്റ് റണ്ണറപ്പ് കിരീടം സ്വന്തമാക്കിയത്. 2ദിവസങ്ങളിലായി ഇരുപതോളം ഇനങ്ങളിൽ നടന്ന കലാമാമാങ്കത്തിൽ തൃശ്ശൂരിന്റെ മിടുക്കന്മാരും മിടുക്കികളും തങ്ങളുടെ സർഗ്ഗശേഷി വിളിച്ചോതി.

ഫെ.13ന് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ ഉദ്ഘാടനം നിർവഹിക്കുകയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കുകയും ചെയ്ത ഉദ്ഘാടന ചടങ്ങിൽ, ജനപ്രതിനിധികളും ബഡ്സ് സ്കൂൾ ജീവനക്കാരും കൈകോർത്തപ്പോൾ അത് ഒരു ജനതയുടെ മുഴുവൻ ആഘോഷമായി മാറി.

പ്രസവ ശസ്ത്രക്രിയക്കിടെ കുഞ്ഞ് മരിച്ച സംഭവം; ആരോപണ വിധേയയായ ഡോക്ടർ നിർബന്ധിത അവധിയിലേക്ക്

തിരു : നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവശസ്ത്രക്രിയയ്ക്കിടെ കുഞ്ഞ് മരിച്ച സംഭവത്തിൽ മുഖം രക്ഷിക്കാൻ ആരോഗ്യവകുപ്പിന്റെ ശ്രമം. സംഭവത്തിൽ കുഞ്ഞിന്റെ ബന്ധുക്കൾ പ്രതിഷേധിച്ചതിന് പിന്നാലെ ആരോപണ വിധേയയായ ഡോ. ബിന്ദു സുന്ദറിനെ നിർബന്ധിത അവധിയിൽ പ്രവേശിക്കാൻ നിർദേശം നൽകി. പാലോട് സ്വദേശി നിരഞ്ജനയുടെ കുഞ്ഞാണ് പ്രസവശസ്ത്രക്രിയയ്ക്ക് പിന്നാലെ മരിച്ചത്. യുവതിയെ ചികിത്സിച്ച ഡോ. ബിന്ദുവിനെതിരെ നേരത്തെയും പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പറഞ്ഞു. ഇവരെ ജില്ലാ ആശുപത്രിയിൽ തിരികെ പ്രവേശിപ്പിക്കില്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രതികരിച്ചു. സംഭവം അന്വേഷിക്കാൻ മെഡിക്കൽ കോളേജിൽ നിന്നുള്ള സംഘം ഇന്ന് ജില്ലാ ആശുപത്രിയിലെത്തും.

ശസ്ത്രക്രിയ നടത്താൻ താമസം നേരിട്ടതാണ് കുഞ്ഞിന്റെ മരണത്തിന് കാരണമെന്ന് ബന്ധുക്കൾ പറയുന്നു. കുഞ്ഞിന്റെ മരണത്തിൽ വിശദീകരണം നൽകാതെ ഡോ ബിന്ദു സ്ഥലംവിടുകയായിരുന്നെന്നും ബന്ധുക്കൾ ആരോപിക്കുന്നു. ഇവർക്കെതിരെ നടപടിയെടുക്കുന്നതുവരെ കുഞ്ഞിന്റെ മൃതദേഹം ഏറ്റെടുക്കില്ലെന്നാണ് ബന്ധുക്കളുടെ നിലപാട്.

കഴിഞ്ഞ ദിവസമാണ് പൂർണഗർഭിണിയായ നിരഞ്ജനയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പരിശോധനയ്ക്കായി എത്തിയപ്പോൾ പ്രസവത്തിനായി അഡ്മിറ്റാകാൻ നിർദേശിക്കുകയായിരുന്നു. രാവിലെ നാല് മണിയോടെ ലേബർ റൂമിൽ പ്രവേശിപ്പിച്ചു. ഉച്ചയ്ക്ക് രണ്ട് മണിയോടെ സിസേറിയൻ നടത്തി കുഞ്ഞിനെ പുറത്തെടുത്തെങ്കിലും പിന്നാലെ മരണം സംഭവിക്കുകയായിരുന്നു.ഇതേതുടർന്നാണ് ബന്ധുക്കൾ ആശുപത്രിക്ക് മുന്നിൽ പ്രതിഷേധിച്ചത്. ആരോപണം വിശദമായി അന്വേഷിക്കുമെന്നാണ് ആർഡിഒ ജയകുമാർ ഉറപ്പുനൽകിയത്. ഡോ. ബിന്ദുവിനെതിരെ നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

ചൈന ഒരിക്കലും പ്രതീക്ഷിക്കാത്ത തിരിച്ചടി; ഇന്ത്യ കനത്ത പ്രഹരം നൽകിയത് എഐയെ കൂട്ടുപിടിച്ച്

ന്യൂഡൽഹി: അരുണാചൽ പ്രദേശിലെ നിയന്ത്രണരേഖയ്ക്ക് സമീപം ചൈന നടത്തിയ മുന്നേറ്റം തടയാൻ എഐ സാങ്കേതിക വിദ്യയുള്ള പ്രവചന ഉപകരണങ്ങൾ ഇന്ത്യ വിജയകരമായി ഉപയോഗിച്ചതായി സൈന്യം. സ്ട്രാറ്റജിക് ഫോഴ്സസ് കമാൻഡ് കമാൻഡർ - ഇൻ - ചീഫ് ലെഫ്.ജനറൽ ദിനേശ് സിംഗ് റാണയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. 'ഇന്ത്യ എഐ ഇംപാക്ട് സമ്മിറ്റിൽ' സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനിക യുദ്ധം, തന്ത്രപരമായ സിദ്ധാന്തങ്ങൾ, ദേശീയ സുരക്ഷാ ആസൂത്രണം എന്നിവയെ എഐ പരിവർത്തനം ചെയ്യുകയാണെന്നും അദ്ദേഹം സമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.

തർക്കമേഖലയിലെ ചൈനീസ് സാന്നിധ്യത്തെക്കുറിച്ച് സൂചനകൾ നൽകാൻ തദ്ദേശീയമായി വികസിപ്പിച്ചെടുത്തതും ചെലവ് കുറഞ്ഞതുമായ എഐ സംവിധാനം സഹായിച്ചതായി ലെഫ്. ജനറൽ റാണ പറഞ്ഞു. 'അവർ എന്തോ ഒരു കാര്യത്തിന് തയ്യാറെടുക്കുന്നത് എഐ സംവിധാനത്തിലൂടെ നമുക്ക് കണ്ടെത്താൻ കഴിഞ്ഞു. അവരുടെ നീക്കത്തിന്റെ സമയം പ്രവചിക്കാനും ഞങ്ങൾക്ക് കൃത്യമായി കഴിഞ്ഞു.

സേവ് ബോക്സ് ആപ്പ് തട്ടിപ്പ്; ജയസൂര്യയുടെ സ്വത്ത് മരവിപ്പിച്ച് ഇഡി



കൊച്ചി: സേവ് ബോക്സ് ആപ്പ് തട്ടിപ്പ് കേസിൽ നടൻ ജയസൂര്യയ്ക്കെതിരെ നടപടിയുമായി ഇഡി. 39 ലക്ഷത്തിന്റെ സ്വത്തുക്കൾ മരവിപ്പിച്ചു. സ്ഥാപനത്തിന്റെ ബ്രാൻഡ് അംബാസഡറായിരുന്നു ജയസൂര്യ. കേസിൽ രണ്ടുതവണ ജയസൂര്യയെ ഇ.ഡി ചോദ്യം ചെയ്തിരുന്നു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ സാധാരണ ജനങ്ങളെ കബളിപ്പിച്ചു പണം തട്ടുന്ന സ്ഥാപനങ്ങൾക്കെതിരായ നിയമനടപടികൾ ശക്തമാക്കാൻ കേന്ദ്രസർക്കാർ അന്വേഷണ ഏജൻസികൾക്കു നിർദേശം നൽകിയിരുന്നു. ജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങളിൽ പണം വാങ്ങി അഭിനയിക്കുന്നവരെയും തട്ടിപ്പിലെ കൂട്ടാളികളായി കണക്കാക്കി നടപടി സ്വീകരിക്കാനാണു നിർദേശം നൽകിയിരുന്നത്.

ഇതിന്റെ അടിസ്ഥാനത്തിലാണു 'സേവ് ബോക്സ്' ലേലആപ്പിനെ സാധാരണക്കാർക്കിടയിൽ പ്രമോട്ട് ചെയ്യുന്ന തരത്തിൽ അഭിനയിച്ചെന്ന ആരോപണത്തെ തുടർന്നു നടൻ ജയസൂര്യയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) ചോദ്യം ചെയ്തത്. സേവ് ബോക്സ് ആപ്പുമായി നടത്തിയ മുഴുവൻ സാമ്പത്തിക ഇടപാടുകളുടെയും രേഖകൾ ഹാജരാക്കാൻ ജയസൂര്യയ്ക്ക് സമയം അനുവദിച്ചിരുന്നു.

ഇതിനിടയിൽ രണ്ടുതവണ ജയസൂര്യയെ ഇ.ഡി ചോദ്യം ചെയ്തു. തട്ടിപ്പിലൂടെ സേവ് ബോക്സ് നേടിയ കള്ളപ്പണം കൈമാറിയവരുടെ പട്ടികയിൽ ജയസൂര്യയും ഉൾപ്പെട്ടതാണ് അന്വേഷണത്തിനു വഴിയൊരുക്കിയത്. നൂറോളം പേരിൽനിന്നു കോടികൾ തട്ടിച്ചതിനു തൃശൂർ സ്വദേശി സ്വാതിക് റഹീമിനെ 2023ലാണു തൃശൂർ ഈസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്തത്.

VEHICLES FOR SALE

SHRIRAM FINANCE LTD.
1st Floor, Mathilakam Shopping Mall
Perinthalmanna Road,
PATTAMBI, Pin: 679306, Palakkad

Vehicle No	Vehicle Description	Year of manufacturing
KL53 R-9984	MAHINDRA SUPRO MINI TRUCK	2020 MODEL
KL61 C-7482	MAHINDRA SUPRO MAXI TRUCK-T4	2017 MODEL

കോടതി പരസ്യം

ബഹു. തൃശ്ശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

G.O.P. 355 /2025

ജൂബി കെ. ജോൺ, 43 വയസ്സ്, W/o Late ജിബി പി. ഔസേഫ്, പഴംപ്പിള്ളിയിൽ ഹൗസ്, മണലിത്തറ പി.ഒ കുറ്റിക്കാട്, കരുമത്ര, തൃശ്ശൂർ ജില്ല, പിൻ- 680589

-ഹർജിക്കാരി

1. സാറ ജിബി, 16 വയസ്സ്, D/o Late ജിബി പി. ഔസേഫ്, പഴംപ്പിള്ളിയിൽ ഹൗസ്, മണലിത്തറ പി.ഒ, കുറ്റിക്കാട്, കരുമത്ര, തൃശ്ശൂർ ജില്ല, പിൻ- 680589
2. സന ജിബി, 10 വയസ്സ്, D/o Late ജിബി പി. ഔസേഫ്, പഴംപ്പിള്ളിയിൽ ഹൗസ്, മണലിത്തറ പി.ഒ, കുറ്റിക്കാട്, കരുമത്ര, തൃശ്ശൂർ ജില്ല, പിൻ - 680589
3. ജോബിൻ പി. ജിബി, 8 വയസ്സ്, S/o Late ജിബി പി. ഔസേഫ്, പഴംപ്പിള്ളിയിൽ ഹൗസ് , മണലിത്തറ പി.ഒ, കുറ്റിക്കാട്, കരുമത്ര, തൃശ്ശൂർ ജില്ല, പിൻ - 680589

-മൈനർമാർ

മേൽനമ്പർ കേസിലെ ഹർജിക്കാരിയുടെ ഭർത്താവും മൈനർ കുട്ടികളുടെ പിതാവുമായ മരിച്ച പഴംപ്പിള്ളിയിൽ വീട്ടിൽ ജിബി പി. ഔസേഫ് എന്നവർക്ക് വടക്കാഞ്ചേരി സബ്ബ് രജിസ്ട്രി 493/2012 നമ്പർ തീറാധാര പ്രകാരം സിദ്ധിച്ചിരുന്നതും, ജിബി പി. ഔസേഫ് എന്നവരുടെ മരണശേഷം ഹർജിക്കാരിക്കും മൈനർമാർക്കും കൂട്ടായി അവകാശപ്പെട്ടതുമായ മണലിത്തറ വില്ലേജ് റീ സർവ്വെ 151/1331 ൽ പ്പെട്ട 4 ആർ 86 ച.മീറ്റർ വഹകളിൽ മൈനർമാർക്കുള്ള ഓഹരി അവകാശം തീറു വിൽക്കുന്നതിനും അതിനു വേണ്ടി ഹർജിക്കാരിയെ മൈനർമാരുടെ ദേഹത്തിനും സ്വത്തിനും ഗാർഡിയനായി നിയമിക്കണമെന്നാവശ്യപ്പെട്ട് ബോധിപ്പിച്ചിട്ടുള

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

പലസ്തീൻ അനുകൂല പ്രതിഷേധം; ആക്ടിവിസ്റ്റിനെ നാടുകടത്തുന്നത് തടഞ്ഞ് യുഎസ് കോടതി

ന്യൂയോർക്ക് : ന്യൂയോർക്കിലെ കൊളംബിയ സർവകലാശാലയിൽ പലസ്തീൻ അനുകൂല പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയ ആക്ടിവിസ്റ്റിനെ നാടുകടത്തുന്നത് തടഞ്ഞ് യുഎസ് കോടതി. പലസ്തീൻ ബിരുദ വിദ്യാർഥി മൊഹ്സെൻ മഹ്ദവിയെ നാടുകടത്തുന്നത് തടഞ്ഞാണ് കോടതി ഉത്തരവിട്ടത്. പലസ്തീൻ അനുകൂല പ്രതിഷേധം സംഘടിപ്പിച്ചവരെ രാജ്യത്ത് നിന്ന് പുറത്താക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ സർക്കാരിന്റെ ശ്രമത്തിനുള്ള തിരിച്ചടിയാണ് വിധി.

ഗാസയിലെ സംഘർഷത്തിൽ യുഎസിലെ സർവകലാശാലകൾക്കുള്ള പ്രതികരണത്തെ വിമർശിച്ച ടഫ്റ്റ്സ് യൂണിവേഴ്സിറ്റി ബിരുദ വിദ്യാർഥിനിയായ റുമേസ ഓസ്തുർക്കിനെ നാടുകടത്താനുള്ള ട്രംപിന്റെ ശ്രമത്തെ കഴിഞ്ഞ മാസം പ്രത്യേക കുടിയേറ്റ കോടതി തടഞ്ഞിരുന്നു.

പത്തുവർഷമായി യുഎസിൽ സ്ഥിരതാമസക്കാരനായ മഹ്ദവി, ഇസ്രയേൽ അധിനിവേശ വെസ്റ്റ് ബാങ്കിലെ അഭയാർഥി ക്യാമ്പിലാണ് ജനിച്ചത്. കഴിഞ്ഞ ഏപ്രിലിൽ പൗരത്വ അഭിമുഖത്തിനിടെ ഇമിഗ്രേഷൻ ഏജന്റുമാർ മഹ്ദവിയെ അറസ്റ്റ് ചെയ്തിരുന്നു. എന്നാൽ രണ്ടാഴ്ചയ്ക്ക് ശേഷം ഫെഡറൽ കോടതി മഹ്ദവിയെ വിട്ടയച്ചു. ഇതിനു ശേഷവും തന്നെ നാടുകടത്താനുള്ള ശ്രമം സർക്കാർ തുടരുകയാണെന്ന് മഹ്ദവി പറഞ്ഞു.

പൗരന്മാരല്ലാത്തവരുടെ സാന്നിധ്യം യുഎസ് വിദേശ നയ താൽപ്പര്യങ്ങളെ ദുർബലപ്പെടുത്തിയാൽ അവരെ രാജ്യത്ത് നിന്ന് പുറത്താക്കാമെന്ന് വാദിക്കുന്ന സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുടെ ഒരു മെമ്മോ ഉദ്ധരിച്ചാണ് ഉദ്യോ?ഗസ്ഥരുടെ നടപടി. സർക്കാർ അഭിഭാഷകർ രേഖയുടെ ഒരു ഫോട്ടോകോപ്പി കോടതിയിൽ സമർപ്പിച്ചെങ്കിലും തെളിയിക്കുന്നതിൽ പരാജയപ്പെട്ടുവെന്നും അതിനാൽ മഹ്ദവിയെ നാടുകടത്താൻ സാധിക്കില്ലെന്നും കോടതി വ്യക്തമാക്കി.

കോടതിയുടെ വിധിയിൽ സന്തോഷമുണ്ടെന്ന് മഹ്ദവി വ്യക്തമാക്കി. നിയമവിരുദ്ധമായി തടങ്കലിൽ വച്ചിരിക്കുകയാണെന്ന് വാദിച്ച് മഹ്ദവി ഫെഡറൽ ജില്ലാ കോടതിയിൽ പ്രത്യേക കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് ഇപ്പോഴും തുടരുകയാണ്.

പൈതൃക മന്ദിര നവീകരണത്തിന് ബിഡ് ക്ഷണിച്ചു

തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിരമായി നവീകരിക്കുന്ന പ്രവർത്തിക്ക് സർക്കാർ അംഗീകൃത നിർവഹണ ഏജൻസികളിൽ നിന്നും ബിഡ് ക്ഷണിച്ചു. 2025-26ലെ പ്ലാൻ ഫണ്ടിന്റെ ഭാഗമായാണ് 1.307 കോടി രൂപ ചെലവഴിച്ച് നവീകരിക്കുന്നത്. നോൺ പി എം സി രീതിയിൽ കോസ്റ്റ് എഫക്റ്റീവ് ആയാണ് വർക്ക് നടപ്പിലാക്കുന്നത്. സെന്റേജ് ചാർജ് നിരക്ക് ബിഡിൽ ശതമാനടിസ്ഥാനത്തിൽ രേഖപ്പെടുത്തണം. ബിഡുകൾ ഫെബ്രുവരി 13ന് ശേഷമുള്ള ഏഴാമത്തെ പ്രവൃത്തി ദിവസം ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കും. കൂടുതൽ വിവരങ്ങൾക്ക് 0487 2360777 എന്ന നമ്പറിൽ ബന്ധപ്പെടുക.

ചാവക്കാട് കുടുംബ കോടതി വേണം: ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ്

ഗുരുവായൂർ: ചാവക്കാട് പുതിയ കോടതി സമുച്ചയം 5. നില കെട്ടിടം പൂർത്തീകരിച്ചു ഉദ്ഘാടനം ചെയ്യാൻ ഇരിക്കെ ചാവക്കാട് കോടതി സമുച്ചയത്തിൽ കുടുംബ കോടതി അനുവദിക്കണം എന്ന് ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് ചാവക്കാട് കോർട്ട് യൂണിറ്റ് ഹൈകോർട്ട് ചീഫ് ജസ്റ്റിസ്, കേരള മുഖ്യമന്ത്രി, കേരള ധനകാര്യ മന്ത്രി, കേരള നിയമ മന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്ക് നിവേദനം കൊടുത്തു.

ജില്ലയിൽ തന്നെ കുടുംബ കേസുകൾ ചാവക്കാട് താലൂക്കിലാണ്. പുതിയ കോടതി സമുച്ചയം പൂർത്തീകരിക്കുമ്പോൾ കോടതിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് മജിസ്ട്രേറ്റ് കോർട്ട് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ കുടുംബ കോടതി സ്ഥാപിച്ചാൽ സാമ്പത്തിക ബാധ്യത ഉണ്ടാവില്ലെന്നും, സ്ത്രീകളും, കുട്ടികളും, വയസായവരും കേസിന് വേണ്ടി കുന്നംകുളം പോകുന്ന കഷ്ടപ്പാടുകളും ഒഴിവാക്കാം എന്നും, പുതിയ കോടതി സമുച്ചയം ഉദ്ഘാടനം കഴിഞ്ഞാൽ 4 കോടതികൾ കൂടി പ്രവർത്തിക്കാൻ സ്ഥലം ഉണ്ട് എന്നും നിവേദനത്തിൽ പറയുന്നു.

എക്സിക്യൂട്ടീവ് യോഗ തീരുമാനപ്രകാരം ആണ് നിവേദനം കൊടുത്തത്. യോഗം ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് കോർട്ട് യൂണിറ്റ് പ്രസിഡന്റ് അഡ്വ തേരളി അശോകൻ ഉദ്ഘാടനം ചെയ്തു . അഡ്വ ഫ്രെഡി പയസ് അദ്ധ്യക്ഷത വഹിച്ചു.

അഭിഭാഷകരായ ബിജു വലിയപറമ്പിൽ, ഷൈൻ മനയിൽ, ഫരീത ഭാനു, സ്റ്റോബി ജോസ്, ഫിർദൗസിയ, ഷീജ ജോസഫ്, സി വി വിജയൻ, ഫറാ മുഹമ്മദ് റഷീദ്, മുഹമ്മദ് മുനീർ, ഡാലി അശോകൻ, സജിത ടി എസ് എന്നിവർ പ്രസംഗിച്ചു.

കൊമ്പനെ കാടുകയറ്റി

തൃശ്ശൂർ : മരോട്ടിച്ചാൽ ചുള്ളിക്കാവ് മേഖലയിൽ ഒരാഴ്ചയായി വിലസിയ കാട്ടുകൊമ്പനെ കാടുകയറ്റി. തീപന്തം കത്തിച്ചും പടക്കം പൊട്ടിച്ചും നാട്ടുകാരാണ് ആനയെ കാടുകയറ്റിയത്.

മക്കളെ കൊന്ന കേസിൽ 18 വർഷം ജയിലിൽ; അഭയം നൽകിയ ബന്ധുവിനെയും കൊലപ്പെടുത്തി പ്രതി ജീവനൊടുക്കി

ഭോപ്പാൽ: മക്കളെ കൊന്ന് ജയിൽ ശിക്ഷ അനുഭവിച്ച പ്രതിയ്ക്ക് ബന്ധുവായ സ്ത്രീ വീട്ടിൽ അഭയം നൽകി, ഒടുവിൽ അവരെ കൊന്ന ശേഷം ട്രെയിനിന് മുന്നിൽ ചാടി പ്രതി ജീവനൊടുക്കി. മധ്യപ്രദേശിലെ ഭോപ്പാൽ ഗൗതംനഗറിൽ താമസിക്കുന്ന ദുർഗ(50)യെയാണ് ബന്ധുവായ പ്രീതം കുശ്വാഹ കുത്തിക്കൊന്നത്.

മൂന്ന് ആൺ മക്കളെ കൊലപ്പെടുത്തിയ കേസിൽ 18 വർഷം ജയിലിലായിരുന്ന പ്രീതം ഒരുവർഷം മുൻപാണ് ജയിൽ മോചിതനായതെന്ന് പൊലീസ് പറഞ്ഞു. ജയിലിൽനിന്ന് പുറത്തിറങ്ങിയ ഇയാളെ ഗ്രാമവാസികൾ ഒറ്റപ്പെടുത്തി. ഇതോടെ ബന്ധുവായ ദുർഗയാണ് ഭോപ്പാലിലെ വീട്ടിൽ ഇയാൾക്ക് അഭയം നൽകിയത്. തുടർന്ന് ഇയാൾ ഉന്തുവണ്ടിയിൽ പച്ചക്കറി കച്ചവടവും ആരംഭിച്ചിരുന്നു.

ഒരു വർഷത്തോളം ദുർഗയുടെ വീട്ടിലായിരുന്നു പ്രീതം താമസിച്ചിരുന്നത്. കഴിഞ്ഞ ആറുമാസമായി വീട്ടിൽ നിന്ന് മാറണമെന്ന് ദുർഗ പ്രീതത്തോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്നുണ്ടായ പ്രകോപനമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പൊലീസ് പറഞ്ഞു.

ദുർഗയുടെ നിർമാണത്തിലിരിക്കുന്ന വീട് വൃത്തിയാക്കാമെന്ന വ്യാജേനയാണ് പ്രതി ദുർഗയെ കൂട്ടിക്കൊണ്ടുവന്നത്. തുടർന്ന് മൂർച്ചയേറിയ ആയുധം ഉപയോഗിച്ച് നിരന്തരം കുത്തിപ്പരിക്കേൽപ്പിക്കുകയായിരുന്നു. ദുർഗയ്ക്ക് നെഞ്ചിലും വയറിലും പലതവണ കുത്തേറ്റു. സംഭവശേഷം ഓടി രക്ഷപ്പെട്ട പ്രീതം ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു.

'കുട' രജത ജൂബിലി ലോഗോ പ്രകാശനം ചെയ്തു

കുര്യച്ചിറ:കുര്യച്ചിറ യുണൈറ്റഡ് ഡെവലപ്മെന്റ് അസ്സോസിയേഷൻ 'കുട' രജത ജൂബിലി ലോഗോ പ്രകാശനം ചെയ്തു. കുര്യച്ചിറ സെന്റ് ജോസഫ്സ് പള്ളി വികാരി റവ ഫാ ഡോ ഫ്രെഡറിക് എലുവത്തിങ്കൽ 'കുട' പ്രസിഡന്റ് സൈമൺ വടക്കേത്തലക്ക് നൽകിയാണ് പ്രകാശനം ചെയ്തത്.

രജത ജൂബിലി ആഘോഷ കമ്മറ്റി ചെയർമാൻ ഇ. എ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കുട പ്രസിഡന്റ് സൈമൺ വടക്കേത്തല,ജനറൽ സെക്രട്ടറി ടോണി ചിറ്റിലപ്പിള്ളി, ആഘോഷ കമ്മറ്റി ജനൽ കൺവീനർ ടി. ടി.ജോസ്,വത്സല പ്രഭാകരൻ,ഗുണവർദ്ധനൻ ഐ. എ. എസ്,ഷാജി പറമ്പൻ,സേവ്യർ സി ആന്റണി,ബാബു പാലക്കാപ്പിള്ളി തുടങ്ങിയവർ പങ്കെടുത്തു. മെയ് മാസത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്ന ജൂബിലി ആഘോഷം വൻ വിജയമാക്കുവാൻ വിശാലമായ ആഘോഷ കമ്മറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

ആഘോഷ പരിപാടികളുടെ ഭാഗമായി വിവിധ സെമിനാറുകൾ, ചർച്ചകൾ, സാംസ്കാരിക സദസ്സ്, കലാ കായിക മത്സരങ്ങൾ, നാടൻ കളികളുടെ മത്സരങ്ങൾ, സാഹിത്യ മത്സരങ്ങൾ, തുടങ്ങി നിരവധി പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അതോടൊപ്പം ജീവകാരുണ്യ - ആരോഗ്യ പ്രവർത്തനങ്ങൾ എല്ലാം ആഘോഷ പരിപാടികളുടെ ഭാഗമായി ഒരുക്കുന്നുണ്ടെന്ന് ജനറൽ കൺവീനർ ടി. ടി. ജോസ് പറഞ്ഞു.

വിജയ സാധ്യതയുള്ള സ്ഥാനാർത്ഥികളെ പരിഗണിക്കണം: കേരള കോൺഗ്രസ്

തൃശൂർ., നിയമസഭ തെരഞ്ഞെടുപ്പിൽ ജില്ലയിൽ വിജയ സാധ്യതയുള്ള സ്ഥാനാർത്ഥികളെ യു.ഡി.എഫ് പരിഗണിക്കണമെന്ന് കേരള കോൺഗ്രസ് ജില്ലാ നേതൃത്വ യോഗം അഭിപ്രായപ്പെട്ടു. തെരഞ്ഞെടുപ്പുകളിൽ സ്ഥിരമായി മത്സരിക്കുന്നവരെയും, തെരഞ്ഞെടുപ്പ് മത്സരങ്ങൾ ഹരമായി കാണുന്നവരെയും അല്ല മുന്നണിക്ക് വിജയിക്കാൻ സാധ്യതയുള്ള സ്ഥാനാർത്ഥികളെയാണ് പരിഗണിക്കേണ്ടത് എന്നും യോഗം ചൂണ്ടിക്കാട്ടി.

പുതുയുഗ യാത്രയുടെ വിജയത്തിനായി 12 സ്വീകരണ സെന്ററുകളിലും മുഴുവൻ പ്രവർത്തകരും ഭാരവാഹികളും, പങ്കെടുക്കുന്നതിനും ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും യോഗം തീരുമാനിച്ചു. യോഗത്തിൽ കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് സി.വി. കുര്യാക്കോസ് അധ്യക്ഷത വഹിച്ചു.

കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ട് കെ.വി.കണ്ണൻ, ഉന്നതാധികാരം സമിതി അംഗം ജോൺസൺ കാഞ്ഞിരത്തികൽ ജില്ല നേതാക്കളായ ഇടിച്ചൻ തരകൻ, സി.ജെ. വിൻസന്റ്, തോമസ് ആന്റണി, പ്രസാദ് പുലിക്കോട്ടിൽ, ജോബി ആലപ്പാട്, വി.ജെ ജോയ്സ് ടീച്ചർ, എം വി ജോൺ മാസ്റ്റർ, വിൻസന്റ് മേച്ചേരി, ലിൻഡി ഷിജു, ഡി. പത്മകുമാർ, ഇസ്മയിൽ കൈപ്പമംഗലം, എംകെ സെയ്തു മാധവൻ, സി. എ.സണ്ണി, അഡ്വക്കേറ്റ് കെ. വി സെബാസ്റ്റ്യൻ. സി. എൽ.ലോറൻസ് സന്ദീപ് ഗോപി, ഹസീന പെരിഞ്ഞനം, ഫിലിപ്പ് കൊളാട്ടുപുറം ജ്യോതിഷ് കൊടുങ്ങല്ലൂർ, തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത സംസാരിച്ചു.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ സതീദേവി പദ്ധതി അവതരിപ്പിച്ചു

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ. ബി പവിത്രൻ, ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിൽ കമ്മിറ്റി ചെയർമാൻ പി.എസ് അനീഷ്, ഇരിങ്ങാലക്കുട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ പി കെ അശോകൻ, വാർഡ് മെമ്പർ ജൂലിയസ് ആന്റണി, എസ് സി പ്രൊമോട്ടർ ചിന്നുമോൾ ഷൈജു എന്നിവർ പങ്കെടുത്തു.

മനുഷ്യസ്നേഹത്തിന്റെ ഉജ്വലമാതൃകയായിരുന്ന സുകുമാരൻ മാസ്റ്ററെന്ന് : കെ.ജി. ശിവാനന്ദൻ

എടതിരിഞ്ഞി: എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും പൊതു സ്വീകാര്യമായ കമ്മ്യൂണിസ്റ്റ് മുഖമായിരുന്നുപി.എസ് സുകുമാരൻ മാസ്റ്ററുടെത്.കാർഷിക മേഖലയിൽ ഒട്ടനവധി മാറ്റങ്ങൾക്ക് മാർഗദർശിയായിരുന്നുവെന്ന് സി പിഐ ജില്ലാ സെക്രട്ടറി കെ.ജി ശിവാനന്ദൻ പി.എസ് സുകുമാരൻ മാസ്റ്റർ ചരമദിനത്തിൽ അനുസ്മരണ പ്രഭാഷണം നടത്തി കൊണ്ട് സംസാരിച്ചു.

സി പി ഐ മണ്ഡലം കമ്മിറ്റി അംഗം വി.ആർ രമേഷ് അദ്ധ്യക്ഷത വഹിച്ചു. സി പി ഐ സംസ്ഥാന കൗൺസിൽ അംഗം ടി.കെ സുധീഷ്, ജില്ലാ എക്സിക്യൂട്ടീവ് അംഗം പി. മണി, സി പി ഐ മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ്, മണ്ഡലം സെക്രട്ടേറിയേറ്റ് അംഗം അനിതാ രാധാകൃഷ്ണൻ, സിപിഐ മുതിർന്ന നേതാവ് കെ.വി രാമകൃഷ്ണൻ, എഐഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻപോട്ടക്കാരൻ, പടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി കണ്ണൻ എന്നിവർ സംസാരിച്ചു. സി പി ഐ ലോക്കൽ സെക്രട്ടറി ഇൻ ചാർജ് മുരളി മണക്കാട്ടുപടി സ്വാഗതവും കിസാൻസഭ പഞ്ചായത്ത് സെക്രട്ടറി കെ.വി ഹജീഷ് നന്ദി പറഞ്ഞു.മണ്ഡലം കമ്മിറ്റി അംഗങ്ങളായ സുധ ദിലീപ്, ടി.വി വിബിൻ സന്നിഹിതരായിരുന്നു.

കിഡീസ് കായികമേള ആരംഭിച്ചു

ഇരിങ്ങാലക്കുട : വിദ്യഭ്യാസ ഉപജില്ലാ കിഡീസ് കായിക മേള ഡോൺ ബോസ്കോ സ്കൂൾ ഗ്രൗണ്ടിൽ തുടങ്ങി. എൽ.പി., യു.പി. വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. ഉപജില്ല വിദ്യാഭ്യാസ ഓഫീസർ എം. എസ്. രാജീവ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ഷിനോ കളപുരക്കൽ അധ്യക്ഷത വഹിച്ചു. സീനിയർ സൂപ്രണ്ട് പി.ജി. പ്രേംജി, വികസന സമിതി കൺവീനർ ഡോ. എ.വി. രാജേഷ്, ട്രഷറർ ആന്റോ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ഡോൺ ബോസ്കോ എൽ.പി. സ്കൂളാണ് മുന്നിൽ മേള ഇന്ന് സമാപിക്കും.

മധുരമ്പിള്ളി നഗറിൽ അബേദ്കർ ഗ്രാമ വികസന പദ്ധതി ആരംഭിച്ചു

ഇരിങ്ങാലക്കുട മധുരമ്പിള്ളി നഗറിൽ വിവിധ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചു.അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ,സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ:ആർ.ബിന്ദു പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു.

അംബേദ്കർ ഗ്രാമവികസന വികസന പദ്ധതി പ്രകാരം ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ, മതിൽ നിർമ്മാണം, മാലിന്യ സംസ്കരണ പിറ്റുകൾ സ്ഥാപിക്കൽ , സ്ട്രീറ്റ് ലൈറ്റുകൾ വെള്ളക്കെട്ട് പരിഹാരം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുടയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിലെ മധുരമ്പിള്ളി നഗറിലെ നിവാസികൾക്ക് വ്യക്തിഗത പുരോഗതിയും പശ്ചാത്തല വികസനവും ഇതിലൂടെ നടപ്പിലാക്കുന്നു. മധുരമ്പിള്ളി നഗറിൽ നടന്ന ചടങ്ങിൽ കാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ് മനു അധ്യക്ഷത വഹിച്ചു.

അപേക്ഷ ക്ഷണിച്ചു

തൃശൂർ: പഴയന്നൂർ ഐ സിഡിഎസ് പ്രൊജക്റ്റിലെ 177 അങ്കണവാടികളിലേക്ക് പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26ന് വൈകിട്ട് 2 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 04884 250527 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഇരിങ്ങാലക്കുട ബസ് ബേ- കം-ഓഡിറ്റോറിയത്തിന്റെ നിർമ്മാണോദ്ഘടാനവും കെ എസ് ആർ ടി സി ഡ്രൈവിംഗ് സ്കൂൾ ഉദ്ഘാടനവും നടന്നു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയിൽ കെ എസ് ആർ ടി സി ബസ് ബേ -കം ഓഡിറ്റോറിയത്തിന്റെ നിർമ്മാണോദ്ഘടനവും കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂൾ ഉദ്ഘാടനവും ഗതാഗത വകുപ്പ് മന്ത്രി കെ. ബി ഗണേഷ് കുമാർ നിർവഹിച്ചു. സർക്കാരിന്റെ പിന്തുണയാണ് കെ. എസ്. ആർ. ടി. സി യെ ലാഭത്തിലേക്ക് എത്തിച്ചതെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ പറഞ്ഞു. കുറഞ്ഞ ചെലവിൽ പഠിപ്പിച്ച് നിലവാരമുള്ള ഡ്രൈവിംഗ് പരിശീലനം നൽകാൻ കെ. എസ്.ആർ. ടി. സി ഡ്രൈവിംഗ് സ്കൂളിൽ സാധിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. രണ്ട് വർഷം കൊണ്ട് സംസ്ഥാന തലത്തിൽ ടാർഗറ്റിനെക്കാളും ശതമാനം കൂട്ടാൻ കെ എസ് ആർ ടി സി യ്ക്ക് സാധിച്ചിട്ടുണ്ടെന്നും ഇരിങ്ങാലക്കുടയുടെ സബ് ഡിപ്പോയുടെ വരുമാനം വലിയതോതിൽ ഉയർന്നിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കെ.എസ്.ആർ.ടി.സി യെ മുഴുവനായും ഡിജിറ്റലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇരിങ്ങാലക്കുട കെ.എസ്. ആർ. ടി. സി ഓപ്പറേറ്റിംഗ് സെന്ററിൽ നടന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ - സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അധ്യക്ഷത വഹിച്ചു. ഓഡിറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചാൽ നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ ജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ ആവശ്യങ്ങൾ നടത്തുവാൻ സാധിക്കുമെന്ന് മന്ത്രി ആർ. ബിന്ദു പറഞ്ഞു. ഇരിങ്ങാലക്കുട കെ എസ് ആർ ടി സി സബ് ഡിപ്പോയെ ലാഭകരമാക്കുന്ന നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയിട്ടുള്ളത്. കുറഞ്ഞ ചെലവിൽ ഡ്രൈവിംഗ് സ്കൂളിൽ പഠനം സാധ്യമാകും. സ്ത്രീകൾക്കും എസ് സി, എസ് ടി, ട്രാൻസ് ജെൻഡർ വിഭാഗത്തിനും ഫീസ് ഇളവുണ്ട്. ഇരിങ്ങാലക്കുട കെ എസ് ആർ ടി സി യിലേക്ക് പുതിയ സർവീസുകൾ ഉടൻ ആരംഭിക്കും. ഇരിങ്ങാലക്കുടയുടെ വികസനത്തിന് മുഖഛായ മാറുന്ന രീതിയിൽ ഏറെ സഹായകരമാകുന്ന പദ്ധതിയാണ് ഇതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നവകേരള സദസ്സിന്റെ ഭാഗമായി അനുവദിച്ച മൂന്നു കോടി രൂപ വിനിയോഗിച്ചാണ് ബസ് ബേ - കം - ഓഡിറ്റോറിയം നിർമ്മിക്കുന്നത്. കെ.എസ്.ആർ.ടി.സി എ. ടി.ഒ കെ ജെ സുനിൽ, വാർഡ് കൗൺസിലർ പ്രവീൺ ഞാറ്റുവേറ്റി, കെ.എസ്.ആർ.ടി.സി ഇ.പി.ഒ ജി. പി പ്രദീപ് കുമാർ, കെ എസ് ആർ ടി സി വികസനസമിതി കൺവീനർ ജയൻ അരിമ്പ്ര, എസ് ടി സി ഐ പ്രിൻസിപ്പാൾ എസ്.സലിംകുമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ,തൊഴിലാളി സംഘടന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ചാലക്കുടി കെഎസ്ആർടി സി പുതിയ ബസ് ടെർമിനലിന്റെ നിർമ്മാണോദ്ഘാടനം മന്ത്രി കെ ബി ഗണേഷ് കുമാർ നിർവഹിച്ചു

ബ്ലോക്ക് സഭ സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട :ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ 2026 - 27 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ബ്ലോക്ക് സഭ പ്രസിഡന്റ് ടി.ജി.ശങ്കരനാരായണന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ.സുധീഷ് ഉദ്ഘാടനം നിർവ്വഹിച്ചു.

കാറളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ശിവൻകുട്ടി,കാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മനു, മുരിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ, ജില്ലാ പഞ്ചായത്ത് അംഗം ജോസ് ചിറ്റിലപ്പിള്ളി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിമിഷ ശ്രീനിവാസൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ വൃന്ദ അജിത്കുമാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.ഡി. നെൽസൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കാട്ടൂർ, കാറളം, പറപ്പൂക്കര, മുരിയാട് പഞ്ചായത്തിലെ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാർ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ നിഖിൽ, വിവിധ വകുപ്പ് തല നിർവ്വഹണ ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു.

ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ എൻ.ബി. പവിത്രൻ സ്വാഗതവും, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് പ്ലാൻ കോ ഓർഡിനേറ്റർ കെ.എ. നൈസി നന്ദിയും പറഞ്ഞു.

കോടതിപരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

O.S. 289/2023
EP. 1402/2025

മുകുന്ദപുരം താലൂക്ക്, നെന്മണക്കര വില്ലേജ്, പാഴായി ദേശത്ത്, നടുവിൽത്തറ വീട്ടിൽ ഉണ്ണിമോൻ മകൻ 32 വയസ്സ് നിധിൻ മുതൽപേർ

-വിധിഉടമസ്ഥർ

കൊടുങ്ങല്ലൂർ താലൂക്ക്, മേത്തല വില്ലേജ്, എൽത്തുരുത്ത് ദേശത്ത്, ചാമ്പുശ്ശേരി വീട്ടിൽ പ്രസാദ് മകൻ 46 വയസ്സ് ഡാനി പ്രസാദ്

-വിധികടക്കാരൻ

മേൽ നമ്പറിലെ വിധികടക്കാരനുള്ള നോട്ടീസ് വാസസ്ഥലത്തും, കോടതിയിലും പതിച്ച് നടത്തുന്നതിനും, പത്രത്തിൽ പരസ്യം ചെയ്യുന്നതിനും അനുവദിച്ച് മേൽ നമ്പർ കേസ് **19-3-2026** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും, ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്